**GAZETTE DATE : 30.09.2024**
**LAST DATE : 30.10.2024**

# CATEGORY NO: 334/2024

## PART II RECRUITMENT BY TRANSFER

Applications are invited online only through '**One Time Registration**' system exclusively from the qualified Ex-servicemen candidates for appointment in the undermentioned post in Kerala Government Service. Candidates who have already registered can apply through their profile.

| | | | |
|---|---|---|---|
| 1. | **Name of Department** | : | **NCC/Sainik Welfare**<br>(Common Notification) |
| 2. | **Name of Post** | : | **Clerk**<br>**(From Ex-servicemen only)** |
| 3. | **Scale of Pay** | : | **₹ 26,500-60,700/-** |
| 4. | **Number of Vacancies** | | **Districtwise** |

| District | |
|---|---|
| 1.Thiruvananthapuram | |
| 2.Kollam | |
| 3.Pathanamthitta | |
| 4.Alappuzha | |
| 5.Kottayam | |
| 6.Idukki | |
| 7.Ernakulam | Not Estimated |
| 8.Thrissur | |
| 9.Palakkad | |
| 10.Malappuram | |
| 11.Kozhikode | |
| 12.Wayanad | |
| 13.Kannur | |
| 14.Kasaragod | |

5. **Method of Appointment** : **Recruitment By Transfer**

(From qualified Low Paid employees of NCC/Sainik Welfare Department Only)

Note : Only Ex-Servicemen are eligible to apply for this post

Applications are invited from qualified Low Paid employees of the NCC/Sainik Welfare Department having scale of pay below Rs.26500-60700/- for appointment as Clerk in the 10 % (Ten Percent) of vacancies arising in the cadre of Clerk in the NCC/Sainik Welfare Department reserved for them vide GO(MS)No.76/2012/H.Edn dated 01.03.2012, G.O(MS)No.264/2014/GAD dated 23.09.2014 & G.O(MS)No. 258/2024/HEDN dated 16/04/2024 .

**i)** Candidates holding low paid posts in the Subordinate Services of NCC/Sainik Welfare Department (including part time contingent Service) in the Scale of pay lower than Rs.26500-60700/- can apply for the above post. The applicant should be a full member or an approved probationer of the Subordinate Services. The applicants should obtain a certificate from the Head of Office showing their service particulars in the form given below and produce the same as and when required by the Commission. Persons appointed through Employment Exchange or otherwise and working on a temporary/provisional basis are not eligible to apply for the post in response to this notification.

**Format of Service Certificate to be produced for recruitment by transfer as Clerk (From Ex-Servicemen only) in NCC/Sainik Welfare Department**

| | | |
|---|---|---|
| 1. | Name of the Candidate | : |
| 2. | Name of post held by the applicant with scale of pay and the pay now drawn by the applicant | : |
| 3. | Name of the Department | : |
| 4. | Name of the Subordinate Service to which the applicant belongs | : |
| 5. | Date of commencement of probation and date of completion of probation in the above subordinate service. | : |
| 6. | State whether an approved probationer or full member of the service. | : |

Certified that the above details in respect of Shri/Smt ............................... who is an approved probationer/full member of the NCC/Sainik Welfare Subordinate Service , have been verified by me with the service particulars of the candidate and that they are found correct. He/She is eligible to apply for the post of Clerk (From Ex-Servicemen only)(By Transfer Recruitment) in NCC/Sainik Welfare Department as per Rule 2(13) of Part I of KS & SSR 1958.

Signature of Head of the Office
with name and designation

Place
Date

(Office Seal)

ii) Low paid employees in the NCC/Sainik Welfare Department who apply under this category are exempted from the minimum General Educational qualification of pass in SSLC and also from the maximum age limit prescribed for the post. The candidates in this category are not entitled to the benefit of Differently Abled candidates

iii) The Commission **will conduct a competitive test for By Transfer** candidates. Based on the marks secured by the candidates in the test, separate Ranked Lists will be prepared for Recruitment By Transfer in respect of each district. Candidates who secure not less than 40 % marks in the test for Recruitment By Transfer category are eligible to be included in the Ranked list for recruitment By Transfer.

iv) 10% of vacancies which are reported to the District Offices of the Kerala Public Service Commission from the NCC/Sainik Welfare Department will be filled up by candidates selected from Low Paid Employees of the NCC/Sainik Welfare Subordinate Services .The rules regarding the reservation of appointment contemplated in the Rules 14 to 17 of part II of the Kerala State and Subordinate Service Rules, 1958 are not applicable to appointment By Transfer Recruitment. If sufficient number of candidates are not available to fill up the 10% reservation quota mentioned above, such vacancies will be filled up by candidates included in the ranked list prepared for Open Quota. In case candidates included in the Ranked List prepared for recruitment By Transfer could not secure appointment before the expiry of the Ranked List, the names of such candidates will be included at the top of the new ranked list of the low paid employees drawn up by the Commission subsequently in the same order and they will be advised for appointment accordingly vide G.O.(P) No. 39/89/ P & ARD dated 08.12.1989.

v) Applications should not be submitted to more than one district in response to this notification. If applications are submitted contrary to the above direction, and if

he/she is selected, his/her name will be removed from the Ranked list and disciplinary action will be taken against him/her. Candidates should submit the application for this post to the concerned District office and should note the name of the concerned district against the relevant column of the online application.

vi) Candidates who are included in the Ranked list for the same post in same department / different departments under this notification or any other notification and advised from anyone of this list shall be deleted from the other list as per Rule 18 (iv) of the KPSC Rules of Procedure.

vii) Selection to this post will be made on the basis of a Competitive Test of the SSLC Standard.

viii) The selection test will be conducted at different centres in each district (The name of the Examination Centres will be published later). The candidates should appear for the examination wherever they are admitted. As the selection is District wise, candidates will be allowed to appear for the test only in the examination centres for the District, which they have opted in the relevant column of the application.

ix) The selection in pursuance of this notification will be made on district wise basis, subject to the special conditions laid down in G.O. (Ms) No.154/71/PD dated 27.05.1971. A candidate advised for appointment in one district from the Ranked List prepared for that District is not eligible for transfer to another District for a period of 5 years from the date of commencement of regular service in the former district. Even if transfer is allowed after 5 years, it will be subject to the rules in **G.O. (P) No.36/91/P&ARD dated 02.12.1991 for inter district transfers in same Department** and G.O. (P) No.5/2013/P&ARD dated 06.02.2013 for inter departmental transfers. But as per G.O. (P) 12/96/ P & ARD dated 16.03.1996, the condition of 5 years service is not applicable for the transfer to the Districts of Idukki, Wayanad and Kasaragod. This concession will be available only for getting transfer into these districts, but not for getting transfer out of these districts and this concession will be granted only once in the career of a Government Servant. Candidates already in Government Service holding the post in any one district are prohibited from applying for the same post in another District

x) Candidates will be advised from the Ranked List for appointment against the Headquarters vacancies also without their consent. Vacancies arising in the Headquarters will be filled up according to the terms and conditions of G.O.(Ms) No 154/71/PD dated 27.05.1971, commencing from Thiruvananthapuram District. Such candidates will be eligible for transfer to another district as per the terms and conditions in G.O(MS)No.442/80/GAD dated 26/09/1980.

xi) Candidates willing to be appointed to Security Posts like Store Keeper ,Cashier etc for which Fidelity Guarantee Policies are required shall submit their willingness as and when required by the Commission. The fact will be noted against their names in the Ranked Lists. Such candidates are also eligible for appointment to posts for which no Fidelity Guarantee is necessary if their turn for recruitment arise. But if such candidates who have noted their willingness to be appointed for Security Posts, refuse the advice of the Commission to such post,they will not be further advised from that list and their names will also be deleted from the Ranked List.

xii) Candidates who have applied for By Transfer appointment while working in a department and relieved subsequently for taking another appointment in the same department or other departments ,at the time of joining duty should produce a certificate before the appointing authority to prove his lien from the department in which he has obtained service certificate while applying for the post or a certificate stating that he has not got confirmation for the post he is working presently.

**6. Last date for receipt of applications** : **30.10.2024 Wednesday** upto 12.00 Midnight

**7. Mode of Submitting Application** :

a) Candidates must register as per ONE TIME REGISTRATION system on the Official Website of Kerala Public Service Commission www.keralapsc.gov.in for applying for the post. Candidates who have registered shall apply by logging in to their profile using their User- ID and password. Candidates shall click on the Apply Now

button of the respective posts in the Notification link for applying for a post. No application fee is required. Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of taking of the photograph. Candidates who are creating their profile newly , should upload the photograph taken within 6 months. There is no change in other instructions regarding the uploading of photographs. Candidates shall take a print-out of the application by clicking the link Registration Card in their profile. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile, candidates must ensure correctness of the information in their profile. They must quote the User- ID for further communication with the Commission. Applications submitted is provisional and cannot be deleted or altered after submission. The applications will be summarily rejected if non compliance with the notification is found in due course of processing. Documents to prove qualification, community, age etc. have to be produced as and when called for.

**b) Candidates who have AADHAAR card should add AADHAAR Card as ID Proof in their profile.**

8. **Address to which applications are to be sent** : www.keralapsc.gov.in

9. If Written Test/OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phones registered in it.

10. **Special Instructions to Candidates**

i) Candidates are required to acquaint themselves with the instructions given in the notification as Part II ,General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

ii) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure 1976 shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed , or any one or more of the above.

(For details including Photo, ID Card etc, please see the General Conditions given below as Part II of this notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## **കാറ്റഗറി നമ്പർ : 334/2024**

**പാർട്ട് II (തസ്തികമാറ്റം വഴിയുള്ള നിയമനം)**

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചിത യോഗ്യതയുള്ള വിമുക്ത ഭടന്മാരായ ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം ഓൺലൈനായി '**ഒറ്റ തവണ രജിസ്ട്രേഷൻ**' സംവിധാനം മുഖേന അപേക്ഷകൾ ക്ഷണിക്കുന്നു. ഇതിനോടകം രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | **വകുപ്പ്** | : | **എൻ. സി. സി./സൈനിക ക്ഷേമം (പൊതു വിജ്ഞാപനം)** |
| 2. | **ഉദ്യോഗപ്പേര്** | : | **ക്ലാർക്ക് (വിമുക്ത ഭടന്മാർ മാത്രം)** |
| 3. | **ശമ്പള നിരക്ക്** | : | **₹ 26,500-60,700/-** |
| 4. | **ഒഴിവുകളുടെ എണ്ണം** | | **ജില്ലാ അടിസ്ഥാനത്തിൽ** |

1. തിരുവനന്തപുരം
2. കൊല്ലം
3. പത്തനംതിട്ട
4.ആലപ്പുഴ
5.കോട്ടയം
6. ഇടുക്കി
7. എറണാകുളം കണക്കാക്കപ്പെട്ടിട്ടില്ല
8. തൃശ്ശൂർ
9. പാലക്കാട്
10. മലപ്പുറം
11. കോഴിക്കോട്
12. വയനാട്
13.കണ്ണൂർ
14.കാസറഗോഡ്

5. **നിയമന രീതി** : **തസ്തികമാറ്റം മുഖേനയുള്ള നിയമനം**

(എൻ. സി. സി./സൈനിക ക്ഷേമ വകുപ്പുകളിലെ യോഗ്യരായ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്ന് മാത്രം)

കുറിപ്പ് : വിമുക്തഭടൻമാർക്ക് മാത്രമേ ഈ തസ്തികക്ക് അപേക്ഷിക്കാൻ അർഹതയുള്ളൂ.

എൻ. സി. സി./സൈനിക ക്ഷേമ വകുപ്പുകളിലെ ക്ലാർക്ക് തസ്തികയുടെ 10% (പത്ത് ശതമാനം) ഒഴിവുകൾ 01.03.2012 തീയതിയിലെ ജി.ഒ(എം.എസ്) നമ്പർ.76/2012/ഉ.വി.വ, , 23.09.2014 തീയതിയിലെ ജി.ഒ(എം.എസ്) നമ്പർ.264/2014/പൊ.ഭ.വ , 16/04/2024 തീയതിയിലെ ജി.ഒ(എം.എസ്) നമ്പർ 258/2024/ഉ.വി.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ടി വകുപ്പുകളിലെ സബോർഡിനേറ്റ് സർവ്വീസുകളിൽ 26500-60700/- രൂപയിൽ താഴെ ശമ്പള നിരക്കുള്ള തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്ന താഴ്ന്ന വിഭാഗം ജീവനക്കാർക്ക് വേണ്ടി നീക്കിവച്ചിട്ടുള്ളതിനാൽ പ്രസ്തുത ജീവനക്കാരിൽ നിന്നും മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു.

i) എൻ. സി. സി./സൈനിക ക്ഷേമ വകുപ്പുകളിലെ സബോർഡിനേറ്റ് സർവ്വീസുകളിൽ (പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് ഉൾപ്പടെ ) 26500-60700/- രൂപയിൽ താഴെ ശമ്പള നിരക്കുള്ള തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ് . അപേക്ഷ അയക്കുന്ന തീയതിയിൽ എൻ. സി. സി./സൈനിക ക്ഷേമ വകുപ്പുകളിലെ പൂർണ്ണ അംഗമോ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള ആളോ ആയിരിക്കേണ്ടതാണ് .ഉദ്യോഗാർത്ഥിയുടെ സർവ്വീസിനെ സംബന്ധിക്കുന്ന വിവരങ്ങൾ കാണിക്കുന്ന സർട്ടിഫിക്കറ്റ് താഴെ കാണിച്ചിരിക്കുന്ന മാതൃകയിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. എംപ്ലായ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയോ മറ്റ് വിധത്തിലോ നിയമിക്കപ്പെട്ട് താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ഈ വിഭാഗത്തിൽ അപേക്ഷ അയക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

**എൻ. സി. സി./സൈനിക ക്ഷേമ വകുപ്പിലെ ക്ലാർക്ക്(വിമുക്തഭടൻമാർക്ക് മാത്രം) തസ്തികയുടെ തസ്തികമാറ്റം വഴിയുള്ള തെരഞ്ഞെടുപ്പിനായി ഹാജരാക്കേണ്ട സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക**

| | | |
|---|---|---|
| 1 | Name of the Candidate | |
| 2 | Name of post held by the applicant with scale of pay and the pay now drawn by the applicant | |
| 3 | Name of the Department | |
| 4 | Name of the Subordinate Service to which the applicant belongs | |
| 5 | Date of commencement of probation and date of completion of probation in the above subordinate service. | |
| 6 | State whether an approved probationer or full member of the service. | |

Certified that the above details in respect of Sri/Smt ................ who is an approved probationer/full member of the NCC/Sainik Welfare Subordinate Services, have been verified by me with the service particulars of the candidate and that they are found correct. He/She is eligible to apply for the post of Clerk (Ex-Servicemen Only) (By Transfer Recruitment) in NCC/Sainik Welfare Departments as per Rule 2(13) of the KS&SSR 1958.

Place : Signature of Head of the Office
Date : with the name and the designation

**(Office Seal)**

ii) ഈ വിഭാഗത്തിൽ അപേക്ഷ അയയ്ക്കുന്ന എൻ. സി. സി./സൈനിക ക്ഷേമ വകുപ്പുകളിലെ താഴ്ന്ന ശമ്പള നിരക്കുള്ള തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് നിശ്ചിത വിദ്യാഭ്യാസ യോഗ്യതയായ എസ്.എസ്.എൽ.സി വേണമെന്ന നിബന്ധനയിൽ നിന്നും ഉയർന്ന പ്രായപരിധിയിൽനിന്നും ഒഴിവാക്കപ്പെടുന്നതാണ്. ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യങ്ങൾക്ക് ഈ വിഭാഗത്തിൽപ്പെട്ടവർ അർഹരല്ല.

iii) തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് വേണ്ടി പ്രത്യേക മത്സര പരീക്ഷ കമ്മീഷൻ നടത്തുന്നതാണ്. പ്രസ്തുത പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് വേണ്ടി പ്രത്യേകം റാങ്ക് പട്ടികകൾ ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്നതാണ്. തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് വേണ്ടിയുള്ള പരീക്ഷയിൽ 40% (നാൽപ്പത് ശതമാനം) – ത്തിൽ കുറയാതെ മാർക്ക് നേടുന്ന ഉദ്യോഗാർത്ഥികൾ ഈ തസ്തികയുടെ റാങ്ക് പട്ടികയിൽ ഉൾപ്പെടാൻ അർഹത നേടുന്നതാണ്.

iv) എൻ. സി. സി./സൈനിക ക്ഷേമ വകുപ്പുകളിൽ നിന്നും ക്ലാർക്ക് (വിമുക്ത ഭടൻമാർ മാത്രം) തസ്തികക്കായി കമ്മീഷന്റെ ജില്ലാ ആഫീസുകളിൽ എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിൽ 10% (പത്ത് ശതമാനം) ഒഴിവുകളിലേയ്ക്ക് എൻ. സി. സി./സൈനിക ക്ഷേമ വകുപ്പുകളിലെ സബോർഡിനേറ്റ് സർവീസിലെ താഴ്ന്ന വരുമാനക്കാരായ ജീവനക്കാരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതാണ്. തസ്തികമാറ്റം വഴിയുള്ള നിയമനമായതിനാൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ രണ്ടാം ഭാഗത്തിൽ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല. മുകളിൽ പറഞ്ഞ പത്ത് ശതമാനം ഒഴിവുകൾ നികത്താൻ ഉദ്യോഗാർത്ഥികൾ ലിസ്റ്റിൽ ഇല്ലാതെ വരുന്നപക്ഷം ഈ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനു തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയിൽ നിന്നും നികത്തുന്നതാണ്. തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിന് തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ ടി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ ഉദ്യോഗാർത്ഥികളെയും നിയമനശിപാർശ ചെയ്യപ്പെടാതെ വരുന്നപക്ഷം ടി ഉദ്യോഗാർത്ഥികളെ 08.12.1989 ലെ ജി. ഒ. (പി) നം 39/89/പി ആന്റ് എ.ആർ.ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം അടുത്ത തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഉയർന്ന റാങ്കുകാരായി അതേ ക്രമത്തിൽ ഉൾപ്പെടുത്തുന്നതാണ്.

v) ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേയ്ക്ക് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്. ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

vi) KPSC Rules of Procedure Rule 18(iv) പ്രകാരം ഒരേ തസ്തികയിലേക്കുള്ള നിയമനത്തിനായി ഒരേ വകുപ്പിലേക്കോ വിവിധ വകുപ്പുകളിലേക്കോ ഒരേ വിജ്ഞാപന പ്രകാരമോ ,വ്യത്യസ്ത വിജ്ഞാപന പ്രകാരമോ തയ്യാറാക്കിയിട്ടുള്ള ഒന്നിലധികം റാങ്ക് പട്ടികകളിൽ ഉൾപ്പെട്ടിട്ടുള്ള പൊതു ഉദ്യോഗാർത്ഥികളെ ,അവർക്ക് ഏതെങ്കിലും ഒരു റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ലഭിച്ചാൽ മറ്റേ റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

vii) ഈ തസ്തികയിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നത് എസ്. എസ്. എൽ. സി. നിലവാരത്തിലുള്ള ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും.

viii) പരീക്ഷ ഓരോ ജില്ലയിലും വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. (പരീക്ഷാ കേന്ദ്രങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്). ഏതു പരീക്ഷാ കേന്ദ്രം നിർദേശിച്ചാലും ഉദ്യോഗാർത്ഥികൾ അവിടെ പരീക്ഷയ്ക്കിരിക്കുവാൻ ബാദ്ധ്യസ്ഥരാണ്. തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ ആയതിനാൽ ഏതു ജില്ലയിലേയ്ക്കാണോ അപേക്ഷിച്ചിട്ടുളളത് ആ ജില്ലയ്ക്ക് വേണ്ടിയുള്ള പരീക്ഷാ കേന്ദ്രത്തിൽ മാത്രമേ അപേക്ഷകരെ പരീക്ഷയ്ക്കിരിക്കുവാൻ അനുവദിക്കുകയുള്ളൂ.

ix) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ജി. ഒ. (എം. എസ്.) 154/71/പി.ഡി. യിലെ പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏതെങ്കിലുമൊരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന വ്യക്തിക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് ആ ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം അതേ വകുപ്പിലെ അന്തർ ജില്ലാ സ്ഥലം മാറ്റങ്ങളുടെ കാര്യത്തിൽ 02.12.1991 ലെ ജി. ഒ. (പി) നം. 36/91/ഉ.ഭ.പ.വ എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും അന്തർ വകുപ്പ് സ്ഥലം മാറ്റങ്ങളുടെ കാര്യത്തിൽ 06.02.2013 ലെ ജി. ഒ. (പി) നം. 5/2013/ഉ.ഭ.പ.വ. എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 ലെ ജി. ഒ. (പി) 12/96/പി. ആന്റ് എ. ആർ. ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മേൽ പ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽ പ്പറഞ്ഞ ജില്ലകളിൽ നിന്ന് മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇരിക്കുന്നവർ ഇതേ ഉദ്യോഗത്തിനു മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടുള്ളതല്ല.

x) ഈ ലിസ്റ്റിൽ നിന്നും ആസ്ഥാന കാര്യാലയ ഒഴിവുകളിലേക്കും നിയമന ശിപാർശ നടത്തുന്നതാണ്. **27.05.1971** ലെ ജി.ഒ.(എം.എസ്.) **154/71/പി.ഡി.**യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുളള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ആസ്ഥാന ഒഴിവുകളിലേയ്ക്ക് സമ്മതം കൂടാതെ തന്നെ നിയമിക്കപ്പെടുവാൻ അർഹരാണ്. അപ്രകാരം നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് **26/09/1980** ലെ സർക്കാർ ഉത്തരവ് **(കൈയെഴുത്ത്)** നം.**442/80/**പൊ.ഭ.വ അനുസരിച്ച് മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റത്തിന് അർഹത ഉണ്ടായിരിക്കും.

xi) ഫിഡലിറ്റി ഗാരന്റി പോളിസി വേണ്ട സെക്യൂരിറ്റി പോസ്റ്റുകളായ സ്റ്റോർ കീപ്പർ ,കാഷ്യർ തുടങ്ങിയ ഉദ്യോഗങ്ങളിൽ നിയമിക്കപ്പെടുന്നതിന് സമ്മതമുള്ളവർ പ്രമാണ പരിശോധന സമയത്ത് സമ്മതപത്രം സമർപ്പിക്കേണ്ടതാണ്.റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുമ്പോൾ അവരുടെ പേരിന് നേരെ ആ വിവരം കൂടി കാണിച്ചിരിക്കും.അങ്ങനെ സമ്മതം രേഖപ്പെടുത്തി ആർക്കെങ്കിലും ഫിഡലിറ്റി ഗാരന്റി ആവശ്യമില്ലാത്ത ഉദ്യോഗത്തിലേക്കാണ് നിയമനത്തിലുള്ള ഊഴം വരുന്നതെങ്കിൽ അതിൽ തെരഞ്ഞെടുക്കപ്പെടുന്നതിന് തടസ്സമില്ല. എന്നാൽ ഫിഡലിറ്റി ഗാരന്റി പോളിസി ആവശ്യമുള്ള തസ്തികയിലേക്കുള്ള നിയമന ശിപാർശ നിരസിച്ചാൽ അവർക്ക് ബന്ധപ്പെട്ട റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മറ്റൊരു നിയമനം ലഭിക്കുന്നതല്ല.അവരുടെ പേര് റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതുമാണ്.

xii) തസ്തികമാറ്റം മുഖേനയുള്ള തെരഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ പിന്നീട് അതേ വകുപ്പിലേയോ മറ്റൊരു വകുപ്പിലേയോ തസ്തികയിൽ പ്രവേശിക്കുന്നതിന് വിടുതൽ ചെയ്യുന്ന പക്ഷം തസ്തികമാറ്റം മുഖേന ലഭിക്കുന്ന ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ,ടി തസ്തികയുടെ അപേക്ഷാ സമയത്ത് സർവ്വീസ് സർട്ടിഫിക്കറ്റ് ലഭിച്ച വകുപ്പിൽ ലീൻ ഉണ്ടെന്ന് തെളിയിക്കുന്നതോ അല്ലെങ്കിൽ നിലവിൽ ജോലി നോക്കുന്ന തസ്തികയിൽ കൺഫർമേഷൻ ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്നതോ ആയ സർട്ടിഫിക്കറ്റ് വാങ്ങി നിയമനാധികാരി മുൻപാകെ ഹാജരാക്കേണ്ടതാണ്.

**6. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 30.10.2024 ബുധനാഴ്ച** രാത്രി 12 മണി വരെ

**7. അപേക്ഷ സമർപ്പിക്കേണ്ട രീതി :-**

**(എ)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.keralapsc.gov.in** വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link

ലെ `**Apply Now'** ൽ മാത്രം click ചെയ്യേണ്ടതാണ്. **പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.** ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ സോഫ്റ്റ് കോപ്പി/പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My Applications' എന്ന് ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ പ്രിന്റൗട്ട് കൂടി സമർപ്പിക്കേണ്ടതാണ്.**തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത , പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**ബി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

**8. അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം** : www.keralapsc.gov.in

**9.** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഓ.എം.ആർ /ഓൺ ലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നല്കാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയിതിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

**10. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

**(i)** ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതു വ്യവസ്ഥകൾകൂടി വായിച്ച് മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

**(ii)** വിദ്യാഭ്യാസം, പരിചയം തുടങ്ങിയ യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീഡ്യൂർ 1976 റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ, ഒരു നിശ്ചിത കാലത്തേക്കോ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയക്കുന്നതിൽ നിന്നും നിരോധിക്കുകയോ അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ എഴുത്തുപരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ അവരുടെ മേൽ നിയമ നടപടികളെടുക്കുകയോ അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

**(ഫോട്ടോ ,ഐ.ഡി കാർഡ് എന്നിവയുൾപ്പടെയുള്ള കൂടുതൽ വിവരങ്ങൾക്ക് വിജ്ഞാപനത്തിലെ പാർട്ട് II ൽ നൽകിയിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക.)**

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ